**നമ്പർ. 40-3/320-DM-I (A)**

**ഭാരത സർക്കാർ**

**ആഭ്യന്തര മന്ത്രാലയം**

**നോർത്ത് ബ്ലോക്ക്, ന്യൂ ഡൽഹി-110001**

**തിയ്യതി, 15 ഏപ്രിൽ 2020**

## ഉത്തരവ്

ദുരന്തനിവാരണ നിയമം 2005-ന്റെ സെക്ഷൻ 10(2)(l)-ൽ പരാമർശിച്ചിട്ടുള്ള ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങൾ പ്രയോഗിച്ചു കൊണ്ട് ചെയർപേഴ്സൺ എന്ന പദവി പ്രകാരം ഒപ്പിട്ട് 2020 ഏപ്രിൽ 14ലെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതിൻപ്രകാരം COVID-19 പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനായി ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള ഏകീകരിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്ന നിശ്ചിത ലോക്ക്ഡൌൺ നടപടികൾ രാജ്യത്ത് COVID-19-ന്റെ വ്യാപനം നിയന്ത്രിക്കുന്നതിനായി 2020 മെയ് 3 വരെ പ്രാബല്യത്തിൽ തുടരുന്നതാണ്.

അതേസമയംതന്നെ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട അധിക പ്രവർത്തനങ്ങൾ അനുവദിക്കുന്നതും അവ 2020 ഏപ്രിൽ 20 മുതൽ നിലവിൽ വരുന്നതുമാണ്. എന്നിരുന്നാലും ഈ അധിക പ്രവർത്തനങ്ങൾ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ ജില്ലാ ഭരണകൂടങ്ങൾ നിലവിലുള്ള ലോക്ക്ഡൗൺ നടപടികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ട് നടപ്പിലാക്കും. ഈ ഇളവുകൾ നടപ്പിലാക്കുന്നതിനു മുന്നോടിയായി ഓഫീസുകൾ, ജോലിസ്ഥലങ്ങൾ, ഫാക്ടറികൾ, സ്ഥാപനങ്ങൾ എന്നിവയിലെ സാമൂഹിക അകലവും മേഖലാ ആവശ്യകതകളും സംബന്ധിച്ച എല്ലാ തയ്യാറെടുപ്പ് ക്രമീകരണങ്ങളും സംസ്ഥാനങ്ങൾ / കേന്ദ്ര ഭരണ പ്രദേശങ്ങൾ / ജില്ലാ ഭരണകൂടങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. ഈ ഇളവുകൾ ഉൾക്കൊള്ളുന്ന പുതുക്കിയ ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങൾ ഇതോടൊപ്പം ചേർത്തിരിക്കുന്നു.

അതേസമയം, സംസ്ഥാനങ്ങൾ / കേന്ദ്ര ഭരണ പ്രദേശങ്ങൾ / ജില്ലാ ഭരണകൂടങ്ങൾ അതിർത്തി നിർണയിച്ചിട്ടുള്ള നിയന്ത്രണ മേഖലകളിൽ ഈ പുതുക്കിയ ഏകീകൃത മാർഗ്ഗനിർദ്ദേശങ്ങൾ ബാധകമാകില്ല. പുതിയ ഏതെങ്കിലും പ്രദേശങ്ങൾ നിയന്ത്രണ മേഖലയായി വർഗീകരിച്ച് ഉൾപ്പെടുത്തിയാൽ ഭാരത സർക്കാർ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിൻറെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പ്രത്യേകമായി അനുവദിച്ചിരിക്കുന്ന പ്രവർത്തനങ്ങളൊഴികെ, ആ പ്രദേശം നിയന്ത്രണ മേഖലയായി വർഗീകരിക്കപ്പെട്ട സമയത്തിന് മുൻപുവരേയുള്ള എല്ലാ പ്രവർത്തനങ്ങളും നിർത്തി വെക്കപ്പെടും.

ദുരന്തനിവാരണ നിയമം 2005-ന്റെ സെക്ഷൻ 10(2)(l)-ൽ പരാമർശിച്ചിട്ടുള്ള ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങൾ പ്രയോഗിച്ചു കൊണ്ട് ചെയർപേഴ്സൺ എന്ന

പദവി പ്രകാരം ഒപ്പിട്ട് ഭാരത സർക്കാറിന്റെ എല്ലാ മന്ത്രാലയങ്ങൾക്കും വകുപ്പുകൾക്കും സംസ്ഥാന / കേന്ദ്രഭരണ പ്രദേശ സർക്കാരുകൾക്കും, സംസ്ഥാന / കേന്ദ്ര ഭരണാധികാരികൾക്കും താഴെ ചേർത്തിട്ടുള്ള ഏകീകൃത പരിഷ്കരിച്ച മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകി ഉത്തരവാകുന്നു.

കേന്ദ്ര ആഭ്യന്തര സെക്രട്ടറി

1. സെക്രറിമാർ, മന്ത്രാലയങ്ങൾ, വകുപ്പുകൾ ഭരത സർക്കാർ
2. ചീഫ് സെക്രട്ടറിമാർ, അടമിനിസ്ട്രേടർമാർ, സംസ്ഥാന കേന്ദ്രഭരണ പ്രദേശങ്ങൾ (പട്ടിക പ്രകാരം)

പകർപ്പ്

1. ദേശീയ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും
2. മെമ്പർ സെക്രട്ടറി ദേശിയ ദുരന്ത നിവാരണ അധോരിറ്റി

**രാജ്യത്ത് COVID-19 നിയന്ത്രിക്കുന്നതിനായി ഭാരത സർക്കാർ, മന്ത്രാലയങ്ങൾ / വകുപ്പുകൾ, സംസ്ഥാന / കേന്ദ്ര ഭരണ സർക്കാരുകൾ, സംസ്ഥാന / കേന്ദ്ര ഭരണ അധികാരികൾ സ്വീകരിക്കേണ്ട നടപടികളുടെ പുതുക്കിയ ഏകീകൃത മാർഗ്ഗനിർദേശങ്ങൾ**

**(ആഭ്യന്തര മന്ത്രാലയത്തിന്റെ 15 ഏപ്രിൽ 2020-ലെ ഉത്തരവ് നമ്പർ. 40-3/320-DM-I (A) പ്രകാരം)**

1. **ലോക്ക്ഡൌൺ കാലയളവ്ക ദീർഘിപ്പിക്കുന്നതോടൊപ്പം താഴെപ്പറയുന്ന പ്രവർത്തനങ്ങൾ 2020 മെയ് 3 വരെ രാജ്യത്ത് നിരോധിക്കപ്പെട്ടിരിക്കുന്നു.**
   i. ഖണ്ഡിക 4 (ix)-ൽ വിവരിച്ചിട്ടുള്ളതും സുരക്ഷ സംബന്ധമായതു മൊഴികെയുള്ള എല്ലാ ആഭ്യന്തര, അന്തർദേശീയ വിമാന യാത്രകൾ.
   ii. സുരക്ഷാ ആവശ്യങ്ങൾ ഒഴികെയുള്ള യാത്രികരുടെ ട്രെയിൻ യാത്രകൾ.
   iii. പൊതുഗതാഗതങ്ങൾക്കുള്ള ബസുകൾ
   iv. മെട്രോ റെയിൽ സേവനങ്ങൾ
   v. വൈദ്യ സംബന്ധവും അല്ലെങ്കിൽ ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ അനുവദിച്ചിട്ടുള്ളതുമായ പ്രവർത്തനങ്ങൾ ഒഴികെയുള്ള വ്യക്തികളുടെ അന്തർ-ജില്ലാ, അന്തർ സംസ്ഥാന യാത്രകൾ.
   vi. എല്ലാ വിദ്യാഭ്യാസ, പരിശീലനം, കോച്ചിംഗ് സ്ഥാപനങ്ങൾ തുടങ്ങിയവ അടച്ചു തന്നെ തുടരും.
   vii. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് കീഴിൽ പ്രത്യേകമായി അനുവദനീയമായവ ഒഴികെയുള്ള എല്ലാ വ്യാവസായിക വാണിജ്യ പ്രവർത്തനങ്ങളും
   viii. ഈ മാർഗ്ഗനിർദ്ദേശങ്ങൾക്ക് കീഴിൽ പ്രത്യേകമായി അനുവദനീയമായവ ഒഴികെയുള്ള എല്ലാ ആതിഥ്യ സേവനങ്ങളും.
   ix. ടാക്സികൾ (ഓട്ടോറിക്ഷകളും സൈക്കിൾ റിക്ഷകളും ഉൾപ്പെടെ) ക്യാബ് ഇടനിലക്കാരുടെ സേവനങ്ങളും.
   x. എല്ലാ സിനിമാ ഹാളുകൾ, മാളുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ജിംനേഷ്യം, സ്പോർട്സ് കോംപ്ലക്സുകൾ, സ്വിമ്മിംഗ് പൂളുകൾ, വിനോദ പാർക്കുകൾ, തിയേറ്ററുകൾ, ബാറുകളും ഓഡിറ്റോറിയങ്ങളും, അസംബ്ലി ഹാളുകളും സമാന സ്ഥലങ്ങളും.
   xi. എല്ലാ സാമൂഹിക / രാഷ്ട്രീയ / കായിക / വിനോദ / അക്കാദമിക്/ സാംസ്കാരിക / മത പരിപാടികൾ / മറ്റ് ഒത്തുചേരലുകൾ
   xii. പൊതുജനങ്ങൾക്കായുള്ള എല്ലാ മതസ്ഥലങ്ങളും ആരാധനാലയങ്ങളും അടച്ചിടും. മതപരമായ സമ്മേളനങ്ങൾ കർശനമായി നിരോധിച്ചിരിക്കുന്നു.
   xiii. ശവസംസ്കാരത്തിന്റെ കാര്യത്തിൽ, ഇരുപതിലധികം ആളുകളിൽ കൂടുതലുള്ള ഒത്തുചേരൽ അനുവദിക്കുന്നതല്ല.

2. **ഹോട്ട്സ്പോട്ടുകളുടെയും നിയന്ത്രണ മേഖലകളിലെയും മാർഗ്ഗ നിർദ്ദേശങ്ങളുടെ പ്രവർത്തനം.**
   i. 'ഹോട്ട്സ്പോട്ടുകൾ', അതായത്, വലിയ രീതിയിൽ COVID-19 പൊട്ടിപ്പുറപ്പെട്ട പ്രദേശങ്ങൾ, അല്ലെങ്കിൽ COVID-19-ന്റെ ശ്രദ്ധേയമായ വ്യാപനം ഉണ്ടായ ക്ലസ്റ്ററുകൾ, ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം ഭാരത സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി നിർണ്ണയിക്കപ്പെടും
   ii. സംസ്ഥാനങ്ങൾ / കേന്ദ്രഭരണ പ്രദേശങ്ങൾ / ജില്ലാ ഭരണകൂടങ്ങൾ ഇവ ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച്

ഈ ഹോട്ട്സ്പോട്ടുകൾ, നിയന്ത്രണ മേഖലകൾ ഇവയുടെ അതിർത്തികൾ നിർണയിക്കും.

iii. ഈ നിയന്ത്രണ മേഖലകളിൽ, ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ അനുവദനീയമായ ഒരു പ്രവർത്തനങ്ങളും അനുവദിക്കില്ല. അവശ്യ സേവനങ്ങളുടെ പരിപാലനം (മെഡിക്കൽ അത്യാഹിതങ്ങൾ, ക്രമസമാധാനവുമായി ബന്ധപ്പെട്ട കടമകൾ ഉൾപ്പെടെ), സർക്കാർ പ്രവർത്തനങ്ങളുടെ തുടർച്ച എന്നിവയൊഴികെ ഈ മേഖലകളിൽ നിന്ന് പരിശോധനക്ക് വിധേയമായിട്ടല്ലാതെ പൊതുജനങ്ങളുടെ ആന്തരിക / ബാഹ്യ യാത്രകളൊന്നുമില്ലെന്ന് ഉറപ്പാക്കുന്നതിന് നിയന്ത്രണ മേഖല പരിധിയിൽ കർശനമായ നിയന്ത്രണ പരിധി ഉണ്ടായിരിക്കണം. ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയം പുറത്തിറക്കിയിട്ടുള്ള മാർഗനിർദേശങ്ങൾ സംസ്ഥാന / കേന്ദ്ര ഭരണ സർക്കാരുകളും പ്രാദേശിക ജില്ലാ അധികാരികളും കർശനമായി നടപ്പിലാക്കേണ്ടതാണ്.

### 3. 2020 മെയ് 20 മുതൽ പ്രാബല്യത്തിൽ വരുന്ന അനുവധിക്കപ്പെടുന്ന പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുക:

i. അതേ സമയം തന്നെ പൊതുജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട അധിക പ്രവർത്തനങ്ങൾ അനുവദിക്കുന്നതും അവ 2020 ഏപ്രിൽ 20 മുതൽ നിലവിൽ വരുന്നതുമാണ്. എന്നിരുന്നാലും ഈ അധിക പ്രവർത്തനങ്ങൾ സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ ജില്ലാ ഭരണകൂടങ്ങൾ നിലവിലുള്ള ലോക്ക്ഡൗൺ നടപടികളുടെ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിച്ചു കൊണ്ട് നടപ്പിലാക്കും. കൂടാതെ, ഈ തിരഞ്ഞെടുത്ത അധിക പ്രവർത്തനങ്ങൾ അനുവദിക്കുന്നതിനുമുമ്പ്, ഓഫീസുകൾ, ജോലിസ്ഥലങ്ങൾ, ഫാക്ടറികൾ, സ്ഥാപനങ്ങൾ എന്നിവയിൽ സാമൂഹിക അകലം പാലിക്കുന്നതിനുള്ള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളും (എസ്ഒപി) അതോടൊപ്പം മേഖലാ ആവശ്യകതകളും സംബന്ധിച്ച എല്ലാ തയ്യാറെടുപ്പ് ക്രമീകരണങ്ങളും സംസ്ഥാനങ്ങൾ / കേന്ദ്ര ഭരണ പ്രദേശങ്ങൾ / ജില്ലാ ഭരണകൂടങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

ii. തിരഞ്ഞെടുത്ത അനുവദനീയമായ ഈ പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഏകീകൃത പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെയുള്ള 5-20 ഖണ്ഡികകളിൽ വിശദീകരിച്ചിരിക്കുന്നു.

### 4. ലോക്ക്ഡൗൺ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കുക

i. സംസ്ഥാന / കേന്ദ്ര ഭരണ സർക്കാരുകൾ 2005-ലെ ദുരന്തനിവാരണ നിയമപ്രകാരം പുറപ്പെടുവിച്ച ഈ മാർഗ്ഗനിർദ്ദേശങ്ങൾ ഒരു തരത്തിലും ലയിപ്പിക്കാതെ കർശനമായി നടപ്പാക്കുക.

ii. എന്നിരുന്നാലും, സംസ്ഥാന / കേന്ദ്ര ഭരണ സർക്കാരുകൾക്ക് പ്രാദേശിക ആവശ്യമനുസരിച്ച് ഈ മാർഗ്ഗ നിർദ്ദേശങ്ങളേക്കാൾ കർശനമായ നടപടികൾ ഏർപ്പെടുത്താം.

### 5. എല്ലാ ആരോഗ്യ സേവനങ്ങളും (ആയുഷ് ഉൾപ്പെടെ) പ്രവർത്തനം തുടരും

i. ആശുപത്രികൾ, നഴ്സിംഗ് ഹോമുകൾ, ക്ലിനിക്കുകൾ, ടെലിമെഡിസിൻ സൗകര്യങ്ങൾ.

ii. ഡിസ്പെൻസറികൾ, കെമിസ്റ്റുകൾ, ഫാർമസികൾ, ജൻ ഔഷധി കേന്ദ്രങ്ങൾ ഉൾപ്പെടെ എല്ലാത്തരം മെഡിസിൻ ഷോപ്പുകളും മെഡിക്കൽ ഉപകരണ ഷോപ്പുകളും
iii. മെഡിക്കൽ ലബോറട്ടറികളും കളക്ഷൻ (ശേഖരണ) കേന്ദ്രങ്ങളും.
iv. COVID-19 അനുബന്ധ ഗവേഷണങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ, ഫാർമസ്യൂട്ടിക്കൽ, മെഡിക്കൽ റിസർച്ച് ലാബുകൾ,
v. വെറ്ററിനറി ഹോസ്പിറ്റലുകൾ, ഡിസ്പെൻസറികൾ, ക്ലിനിക്കുകൾ, പാത്തോളജി ലാബുകൾ, വാക്സിൻ, മരുന്ന് എന്നിവയുടെ വിൽപ്പനയും വിതരണവും
vi. അവശ്യ സേവനങ്ങൾ നൽകുന്നതിനെ പിന്തുണയ്ക്കുന്ന അല്ലെങ്കിൽ കോവിഡ്-19 നിയന്ത്രിക്കുന്നതിനുള്ള ശ്രമങ്ങൾ ചെയ്യുന്ന അംഗീകൃത സ്വകാര്യ സ്ഥാപനങ്ങളും ഹോം കെയർ ദാതാക്കൾ, ഡയഗ്നോസ്റ്റിക്സ്, ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്ന വിതരണ ശൃംഖല സ്ഥാപനങ്ങൾ എന്നിവയുൾപ്പെടെ
vii. മരുന്നുകൾ, ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ, മെഡിക്കൽ ഓക്സിജൻ, അവയുടെ പാക്കേജിംഗ് മെറ്റീരിയൽ, അസംസ്കൃത വസ്തുക്കൾ എന്നിവയുടെ നിർമ്മാണ യൂണിറ്റുകളും ഇടനിലക്കാരും
viii. ആംബുലൻസുകളുടെ നിർമ്മാണം ഉൾപ്പെടെയുള്ള മെഡിക്കൽ / ആരോഗ്യ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം
ix. എല്ലാ മെഡിക്കൽ, വെറ്ററിനറി ഉദ്യോഗസ്ഥർ, ശാസ്ത്രജ്ഞർ, നഴ്സുമാർ, പാരാ മെഡിക്കൽ സ്റ്റാഫ്, ലാബ് ടെക്നീഷ്യൻമാർ, മിഡ്-വൈവ്സ്, ആംബുലൻസുകൾ ഉൾപ്പെടെയുള്ള മറ്റ് ആശുപത്രി സഹായ സേവനങ്ങളും എന്നിവരുടെ (സംസ്ഥാനത്തിന്റെ അകത്തും പുറത്തും) യാത്ര.

**6. കാർഷികവും അനുബന്ധ പ്രവർത്തനങ്ങൾ**

**A. എല്ലാ കാർഷിക, ഉദ്യാനനിർമ്മാണ പ്രവർത്തനങ്ങളും പൂർണ്ണമായും പ്രവർത്തനക്ഷമമായി തുടരും:**

i. വിളഭൂമിയിൽ കർഷകരും കാർഷിക തൊഴിലാളികളും നടത്തുന്ന കാർഷിക പ്രവർത്തനങ്ങൾ
ii. കാർഷിക ഉൽപ്പന്നങ്ങൾ സംഭരിക്കുന്നതും MSP പ്രവർത്തനങ്ങളിൽ ഉൾപ്പെടെ വ്യാപൃതരായിരിക്കുന്ന ഏജൻസികൾ.
iii. അഗ്രികൾച്ചർ പ്രൊഡ്യൂസ് മാർക്കറ്റ് കമ്മിറ്റി (എപിഎംസി) നടത്തുന്ന 'മൻഡിസ്' അല്ലെങ്കിൽ സംസ്ഥാന / യു.ടി സർക്കാർ പ്രസിദ്ധീകരിച്ച പ്രകാരം (ഉദാ. സാറ്റലൈറ്റ് മൻഡിസ്). സംസ്ഥാന / കേന്ദ്ര ഭരണ സർക്കാർ നേരിട്ടുള്ള വിപണന പ്രവർത്തനങ്ങൾ അല്ലെങ്കിൽ വ്യവസായ മേഖലയുടെ, കർഷകർ / കർഷകരുടെ സംഘം, എഫ്പിഒകളുടെ സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് നേരിട്ട്. സംസ്ഥാനങ്ങൾ / കേന്ദ്രഭരണ പ്രദേശങ്ങൾ പ്രാദേശിക തലത്തിൽ വികേന്ദ്രീകൃത വിപണന സംഭരണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം
iv. കാർഷിക യന്ത്രങ്ങളുടെ കടകൾ, അറ്റകുറ്റപ്പണികൾ, അതിന്റെ സ്പെയർ പാർട്സ് (വിതരണ ശൃംഖല ഉൾപ്പെടെ) കടകൾ തുറന്നു പ്രവർത്തിക്കും.
v. കാർഷിക യന്ത്രങ്ങളുമായി ബന്ധപ്പെട്ട കസ്റ്റം ഹയറിംഗ് സെന്ററുകൾ (സിഎച്ച്സി).
vi. രാസവളങ്ങൾ, കീടനാശിനികൾ, വിത്തുകൾ എന്നിവയുടെ നിർമ്മാണം, വിതരണം, ചില്ലറ വിൽപ്പന.

vii. വിളവെടുപ്പിന്റെയും വിതയ്ക്കുന്നതിന്റെയും സംയോജിത കൊയ്ത്തുയന്ത്രവും മറ്റു കാർഷിക ഉദ്യാന നിർമാണ അനുബന്ധ യന്ത്രങ്ങളുടെയും (സംസ്ഥാനത്തിനകത്തും, അന്തർ സംസ്ഥാനവും) ചലനം.

**B. മത്സ്യബന്ധനം – ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ പ്രവർത്തനക്ഷമമാകും**

i. മത്സ്യബന്ധനം (സമുദ്ര-ഉൾനാടൻ) / ഭക്ഷണം, പരിപാലനം, വിളവെടുപ്പ്, സംസ്കരണം, പാക്കേജിംഗ്, കോൾഡ് ചെയിൻ, വിൽപ്പന, വിപണനം എന്നിവയുൾപ്പെടെയുള്ള ജലകൃഷി വ്യവസായത്തിന്റെ പ്രവർത്തനങ്ങൾ.

ii. ഹാച്ചറികൾ, തീറ്റ സസ്യങ്ങൾ, വാണിജ്യ അക്വേറിയ എന്നിവ.

iii. മത്സ്യം / ചെമ്മീൻ, മത്സ്യ ഉൽപന്നങ്ങൾ, മത്സ്യ വിത്ത് / തീറ്റ, എന്നിവയുടെ പ്രവർത്തനങ്ങൾക്കായുള്ള തൊഴിലാളികളുടെ യാത്ര.

**C. തോട്ടങ്ങൾ – ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ പ്രവർത്തനക്ഷമമാകും**

i. പരമാവധി 50% തൊഴിലാളികളോട് കൂടി തേയില, കോഫി, റബ്ബർ തോട്ടങ്ങളുടെ പ്രവർത്തനം.

ii. പരമാവധി 50% തൊഴിലാളികളോട് കൂടി ചായ, കോഫി, റബ്ബർ, കശുവണ്ടി എന്നിവയുടെ പ്രോസസ്സിംഗ്, പാക്കേജിംഗ്, വിൽപ്പന, വിപണനം.

**D. കന്നുകാലി വളർത്തൽ – ഇനിപ്പറയുന്ന പ്രവർത്തനങ്ങൾ പ്രവർത്തനക്ഷമമാകും**

i. ഗതാഗത വിതരണ ശൃംഖല ഉൾപ്പെടെയുള്ള പാൽ പ്രോസസ്സിംഗ് പ്ലാന്റുകളുടെ പാൽ, പാൽ ഉൽപന്നങ്ങളുടെ ശേഖരണം, പ്രക്രിയ, വിതരണം, വിൽപന ഉൾപ്പെടെ.

ii. കോഴി ഫാമുകളും ഹാച്ചറികളും വളർത്തു മൃഗങ്ങളുൾപ്പെടെയുള്ള കന്നുകാലി വളർത്തൽ ഫാമുകളുടെ പ്രവർത്തനം.

iii. മൃഗ തീറ്റ ഉല്പാദനവും പുല്ല് വളർത്തലും അതോടൊപ്പം ചോളം, സോയ എന്നിവ പോലുള്ള അസംസ്കൃത വസ്തുക്കളുടെ വിതരണവും

iv. ഗോശാലകൾ ഉൾപ്പെടെയുള്ള മൃഗ സംരക്ഷണ കേന്ദ്രങ്ങളുടെ പ്രവർത്തനം

**7. സാമ്പത്തിക മേഖല : താഴെ പറയുന്നവയുടെ പ്രവർത്തനം തുടരും**

i. റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർ ബി ഐ), ആർ ബി ഐ നിയന്ത്രണത്തിലുള്ള സാമ്പത്തിക മാർക്കറ്റുകളും സ്ഥാപനങ്ങളും അതായത് എൻ പി സി ഐ, സി സി ഐ എൽ, പെയ്മെന്റ് സിസ്റ്റം ഓപ്പറേറ്റർമാരും ക്യാഷ് മാനേജ്മെൻറ് ഏജൻസികളും

ii. ബാങ്ക് ശാഖകൾ, എ.ടി.എമ്മുകൾ, ബാങ്കിങ്ങ് പ്രവർത്തനങ്ങൾക്കായുള്ള ഐ ടി വെൻഡർമാർ, ബാങ്കിംഗ് കറസ്പോണ്ടൻസ്, എ.ടി.എം. പ്രവർത്തനങ്ങളും ധന മാനേജ്മെന്റും ചെയ്യുന്ന ഏജൻസികൾ

   a. ഡി ബി റ്റി ധനവിതരണം പൂർത്തിയാകുന്നതുവരെ ബാങ്കുകൾ സാധാരണ സമയത്ത് പ്രവർത്തനം തുടരാൻ അനുവദിക്കും

   b. ബാങ്ക് ശാഖകളിലും ബി സി കളിലും സാമൂഹ്യ അകലം പാലിക്കൽ, ക്രമ സമാധാനം, ഇടപാടുകാരുടെ പരിഭ്രമം ഇവ കൈകാര്യം ചെയ്യാൻ ആവശ്യമായ സുരക്ഷാ ജീവനക്കാരെ പ്രാദേശിക ഭരണകൂടം നൽകണം

iii. സെബി, സെക്യൂരിറ്റീസ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) പരസ്യപ്പെടുത്തിയിട്ടുള്ള ക്യാപിറ്റൽ, ഡെബ്റ്റ് മാർക്കറ്റ് സർവീസുകൾ

iv. ഐ ആർ ഡി ഐ എ യും ഇൻഷുറൻസ് കമ്പനികളും

**8. സാമൂഹ്യ മേഖല : താഴെ പറയുന്നവയുടെ പ്രവർത്തനം തുടരും**

i. കുട്ടികൾ / ഭിന്ന ശേഷിയുള്ളവർ / മാനസിക വെല്ലുവിളികൾ നേരിടുന്നവർ / മുതിർന്ന പൗരന്മാർ / നിരാലംബർ / വനിതകൾ / വിധവകൾ എന്നിവർക്കായുള്ള വീടുകളുടെ പ്രവർത്തനം
ii. ജൂവനൈൽസ്സ വേണ്ടിയുള്ള നിരീക്ഷണ വീടുകൾ, ആഫ്റ്റർ കെയർ ഹോമുകൾ, സുരക്ഷിത ഇടങ്ങൾ
iii. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം. ഉദാ : വാർധക്യകാല / വിധവ / സ്വാതന്ത്ര്യ സമര സേനാനി പെൻഷനുകൾ; എംപ്ലോയീസ് പ്രൊവിഡൻറ് ഫണ്ട് ഓർഗനൈസേഷൻ (ഇ പി ഫ് ഒ) നൽകുന്ന പെൻഷനും പ്രൊവിഡൻറ് ഫണ്ട് സേവനങ്ങളും
iv. അംഗൻവാടികളുടെ പ്രവർത്തനം : 15 ദിവസത്തിലൊരിക്കൽ ഗുണഭോകതാവിന്റ വീട്ടുപടിക്കൽ ഭക്ഷണ-പോഷകാഹാര വിതരണം. ഉദാ: കുട്ടികൾ, സ്ത്രീകൾ, മുലയൂട്ടുന്ന അമ്മമാർ. ഗുണഭോകതാവ് അംഗൻവാടികളിൽ എത്താൻ പാടില്ല

**9. ഓൺലൈൻ പഠിപ്പിക്കൽ / വിദൂര പഠനങ്ങൾ പ്രോത്സാഹിപ്പിക്കണം**

i. എല്ലാ വിദ്യാഭ്യാസ, പരിശീലന, കോച്ചിങ് കേന്ദ്രങ്ങൾ അടഞ്ഞു തന്നെ തുടരും
ii. എന്നിരുന്നാലും ഈ സ്ഥാപനങ്ങൾ ഓൺലൈൻ പരിശീലനങ്ങളിലൂടെ അക്കാദമിക കാര്യങ്ങൾ ക്രമപ്പെടുത്തി പരിപാലിക്കും എന്ന് പ്രതീക്ഷിച്ചുകൊള്ളുന്നു
iii. ദൂരദർശൻ, മറ്റ് വിദ്യാഭ്യാസ ചാനലുകൾ എന്നിവ പഠിപ്പിക്കുന്നതിനായി പരമാവധി ഉപയോഗിക്കണം

**10. എം ജി എൻ ആർ ജി എ ജോലികൾ അനുവദിക്കുന്നതാണ്**

i. സമൂഹ്യ അകലവും മുഖാവരണവും കർശനമായി നടപ്പിലാക്കിക്കൊണ്ട് എം.ജി.എൻ.ആർ.ജി.എ. ജോലികൾ അനുവദിക്കുന്നതാണ്
ii. ജലസേചനം, ജല സംരക്ഷണം തുടങ്ങിയവയ്ക്കാകും എം.ജി.എൻ.ആർ.ജി.എയിൽ മുൻഗണന
iii. മറ്റ് കേന്ദ്ര, സംസ്ഥാന മേഖല പദ്ധതികളിലെ ജലസേചന, ജല സംരക്ഷണ മേഖലകളെയും നടപ്പിലാക്കാനായി അനുവദിക്കുന്നതും അതോടൊപ്പം എം.ജി.എൻ.ആർ.ജി.എ. ജോലിയിൽ അനുയോജ്യമായി കൂട്ടിയോജിപ്പിക്കേണ്ടതുമാണ്.

11. **പൊതു സേവനങ്ങൾ:** പ്രവർത്തനക്ഷമമായി തുടരേണ്ടവ:
i. റിഫൈനിംഗ്, ചരക്കു ഗതാഗതം, വിതരണം, സംഭരണം, വില്പന, തുടങ്ങി എല്ലാ എണ്ണ, വാതക മേഖലയുടെ പ്രവർത്തനങ്ങൾ. ഉദാഹരണം: പെട്രോൾ, ഡീസൽ, മണ്ണെണ്ണ, CNG, പാചക വാതകം, PNG തുടങ്ങിയവ.
ii. കേന്ദ്ര സംസ്ഥാന തലങ്ങളിലെ വൈദ്യുതി ഉല്പാദനവും അതിന്റെ വിതരണവും
iii. തപാൽ ഓഫീസുകളും അനുബന്ധ തപാൽ സെർവീസുകളും
iv. സംസ്ഥാന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള, ശുചീകരണ, മാലിന്യ നിർമാർജന പ്രവത്തനങ്ങൾ
v. വാർത്താവിനിമയ സംവിധാനങ്ങളും ഇന്റർനെറ്റ് സെർവീസുകളും

**12. അന്തർസംസ്ഥാന, സംസ്ഥാന തല ചരക്കു ഗതാഗതവും, അവയുടെ ലോഡിങ്, അൺലോഡിങ് പ്രവത്തനങ്ങളും**
i. എല്ലാ തരം ചരക്ക് ഗതാഗതങ്ങളും അനുവദിനീയം.
ii. ഗുഡ്സ്, പാർസൽ ട്രെയിനുകളുടെ പ്രവർത്തനം

iii. കാർഗോ പ്ലെയിനുകളുടെയും അനുബന്ധ സൗകര്യങ്ങളുടെയും കൂടാതെ അടിയന്തര ഇവാക്യുവേഷൻ, റിലീഫ് സേവനങ്ങൾക്കുള്ള സൗകര്യവും.
iv. കടൽ മാർഗ്ഗത്തിലൂടെയുള്ള ചരക്കു ഗതാഗതവും അനുബന്ധ സീപോർട്ടുകളുടെയും ഇൻലാൻഡ് കണ്ടെയ്നർ ഡിപ്പോകകളുടെയും (ICDs) പ്രവർത്തനം.
v. പെട്രോളിയം, പാചക വാതകം, ഭക്ഷ്യ വസ്തുക്കൾ, മരുന്നുകൾ തുടങ്ങിയ അവശ്യ സാധനങ്ങളുടെ അതിർത്തി കടന്നുള്ള ഗതാഗതത്തിനുള്ള സംവിധാനങ്ങൾ.
vi. രണ്ടു ഡ്രൈവർമാരും ഒരു സഹായിയും അടങ്ങുന്ന ചരക്കു ഗതാഗതത്തിനുപയോഗിക്കുന്ന വാഹനങ്ങൾ. ചരക്ക് എടുക്കാനോ കയറ്റാനോ പോകുന്ന കാലി വാഹനങ്ങളും അനുവദിനീയം.
vii. അവശ്യ വാഹനങ്ങളുടെ അറ്റകുറ്റ പണി നടത്താൻ കഴിയുന്ന വർക്ക് ഷോപ്പുകളും മിനിമം ഡിസ്റ്റൻസ് നിയമം പാലിച്ചു നടത്തുന്ന ഭക്ഷണ ശാല/തട്ടുകടകളും.
viii. നിയമപരമായി അനുവദിച്ച പാസുകൾ കൈവശം ഉള്ള റെയിൽവേ / എയർപോർട്ട് / സീപോർട്/ ICDs / സംസ്ഥാന അതിർത്തി ജീവനക്കാരുടെയും കോൺട്രാക്ട് അടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെയും ഗതാഗതം.

13. **അവശ്യ സാധനങ്ങളുടെ വിതരണം : താഴെ പറയുന്ന ലിസ്റ്റ് പ്രകാരം :**

i. അവശ്യ വസ്തുക്കളുടെ നിർമാണം, മൊത്തവ്യാപാരം, ചില്ലറ വ്യാപാരം തുടങ്ങിയവക്കാവിശ്യമായ ചെറു കടകൾ, സൂപ്പർമാർക്കറ്റുകൾ, ഓൺലൈൻ സ്റ്റോറുകൾ എന്നിവ, സമയപരിധി ഇല്ലാതെ, കർശന സാമൂഹിക അകലം പാലിച്ചു കൊണ്ട് പ്രവർത്തിക്കാം.
ii. ദൈനംദിന ഉപയോഗത്തിനാവശ്യമായ ആഹാരം, പലചരക്കു, പാൽ, പൗൾട്ടറി, മൽത്സ്യ മാംസം, പച്ചരി-ഫലവ്യഞ്ജനങ്ങൾ, കാലിത്തീറ്റ തുടങ്ങിയവ വിൽക്കുന്ന ചെറു കടകൾ മാട കടകൾ, തെള്ളുവണ്ടികൾ, റേഷൻ കടകൾ, തുടങ്ങിയവ സമയപരിധി ഇല്ലാതെ, കർശന സാമൂഹിക അകലം പാലിച്ചു കൊണ്ട് പ്രവർത്തിക്കാം.
iii. ജില്ലാ ഭരണകൂടങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും ഇ- കോമേഴ്സ് സംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്ത് പൊതുജനങ്ങളുടെ പൊതു ഇടങ്ങളിലേക്കുള്ള സഞ്ചാരം കഴിവതും കുറക്കണം.

14. **വാണിജ്യ സ്ഥാപനങ്ങളും സ്വകാര്യ സ്ഥാപനങ്ങളും സംബന്ധിച്ച് പ്രവർത്തിക്കാൻ അനുമതി ഉള്ളവ :**

i. പത്ര സാങ്കേതിക മീഡിയകൾ, DTH, കേബിൾ സർവീസ് തുടങ്ങിയവ
ii. IT, IT അനുബന്ധ സേവനങ്ങൾ, കൂടിയ ഹാജർ പരിധി 50 %.
iii. ഗവണ്മെന്റ് സേവനങ്ങൾക്കാവിശ്യമായ ഡാറ്റ കോൾ സെന്ററുകൾ മാത്രം.
iv. ഗവ അംഗീകൃത പഞ്ചായത്ത് തല CSCs
v. ഇ-കോമേഴ്സ് കമ്പനികളും, പെർമിഷനോട് കൂടിയ ഡെലിവറി വാഹനങ്ങളും.
vi. കൊറിയർ സർവീസ്
vii. ലോജിസ്റ്റിക് വിഭാഗത്തിൽ പെടുന്ന കോൾഡ് സ്റ്റോറേജുകൾ, മറ്റു അത്യാവശ്യ അനുബന്ധ സേവനങ്ങൾ
viii. ഓഫീസിനും റസിഡന്റ്ഷിയൽ മേഖലക്കും ആവശ്യമായ മാനേജ്മെന്റ് സേവനങ്ങളും, സെക്യൂരിറ്റി സംബന്ധ സേവനങ്ങളും,
ix. ലോക്ക് ഡൌൺ മൂലം അകപ്പെട്ട വിദേശികൾക്ക് ആവശ്യമായ ഹോട്ടലുകൾ, ഹോംസ്റ്റേകൾ, ലോഡ്ജുകൾ, കൂടാതെ മെഡിക്കൽ, എമർജൻസി സ്റ്റാഫുകൾ, വായു കര കടൽ മാർഗ്ഗ വിഭാഗങ്ങൾ

x. ക്വാറന്റൈൻ ഫെസിലിറ്റി ക്കു വേണ്ടി നീക്കി വെച്ചിരിക്കുന്ന/ ഉപയോഗിക്കുന്ന സ്ഥാപനങ്ങൾ.

xi. ഇലെക്ട്രിഷ്യൻ, പ്ലംബർ, മോട്ടോർ മെക്കാനിക്, കാർപെന്റർ, തുടങ്ങിയവരുടെ സേവനങ്ങൾ.

**15. വ്യവസായ ശാലകൾ (ഗവൺമെന്റും പ്രൈവറ്റും) താഴെ പറയുന്നവ പ്രവർത്തിക്കാൻ അനുവദിനീയം :**

i. ഗ്രാമീണ മേഖലയിൽ അഥവാ കോർപറേഷൻ മുനിസിപ്പാലിറ്റി തുടങ്ങിയവയുടെ പരിധിക്കു പുറത്തു വരുന്ന വ്യവസായ ശാലകൾ.

ii. സ്പെഷ്യൽ ഇക്കണോമിക് സോണിൽ (SEZs) അംഗീകാരമുള്ള വ്യവസായ ശാലകൾ, കയറ്റുമതി യൂണിറ്റുകൾ, ഇൻഡസ്ട്രിയൽ ടൗൺഷിപ്പുകൾ, തുടങ്ങിയവ. ഈ സ്ഥാപനങ്ങൾ അവയുടെ തൊഴിലാളികൾക്ക് കമ്പനി പരിധിയിൽ തന്നെ താമസിക്കുവാൻ വേണ്ടുന്ന സൗകര്യവും സാമൂഹിക അകലം പാലിച്ചുള്ള യാത്ര സൗകര്യവും ഒരുക്കേണ്ടതാണ്.

iii. ഡ്രഗ്സ്, ഫാർമസ്യൂട്ടിക്കൽസ്, മെഡിക്കൽ ഉപകരണങ്ങൾ, അനുബന്ധ വസ്തുക്കൾ, തുടങ്ങിയവ നിർമിക്കുന്ന കമ്പനികൾ/ യൂണിറ്റുകൾ.

iv. കോർപറേഷൻ മുനിസിപ്പാലിറ്റി തുടങ്ങിയവയുടെ പരിധിക്കു പുറത്തു വരുന്ന ഭക്ഷ്യ സംസ്കരണ ശാലകൾ.

v. നിർത്താതെ തുടരേണ്ട നിർമാണ ശാലകൾ.

vi. IT യുമായി ബന്ധപ്പെട്ട ഹാർഡ്‌വെയർ നിർമാണ മേഖല.

vii. കൽക്കരി വ്യവസായ മേഖല, മൈനുകൾ, ഖനനം, ഇവയുടെ ഗതാഗതം, ഇവക്കു ആവശ്യമായ വെടിക്കോപ്പുകളും തുടങ്ങിയ അസംസ്കൃത വസ്തുക്കൾ

viii. കവർ നിർമാണ മേഖലയിൽ ഉള്ള യൂണിറ്റുകൾ

ix. സാമൂഹിക അകലവും, ജോലി സംക്രമണവും പാലിച്ചുള്ള ചണ വസ്ത്ര നിർമാണ മേഖലകൾ

x. വാതക, ഇന്ധന പര്യവേക്ഷണ ശുദ്ധികരണ ശാലകൾ.

xi. ഗ്രാമീണ മേഖലയിൽ ഉള്ള കൽ ചൂളകൾ.

**16. താഴെ പറയുന്ന നിർമാണ പ്രവർത്തനങ്ങൾ**

i. ഗ്രാമീണ മേഖലയിൽ ഉള്ള ജലസേചന പദ്ധതികൾ, റോഡ് നിർമാണം, വ്യാവസായിക മേഖലയിലെ നിർമാണ പ്രവത്തനങ്ങൾ, (MSME ഉൾപ്പടെ)

ii. ഊർജ ഉത്പാദന മേഖലയിലെ പ്രൊജെക്ടുകൾ

iii. കോർപറേഷൻ മുനിസിപ്പാലിറ്റി തുടങ്ങിയവയുടെ പരിധിക്കു അകത്തു വരുന്ന നിർമാണ പ്രവത്തനങ്ങൾ. തൊഴിലാളികൾ നിർമാണ മേഖലക്ക് ഉള്ളിൽ തന്നെ ഉണ്ടാവണം, പുറമെ ഉള്ള തൊഴിലാളികൾ അനുവദിനീയം അല്ല.

**17. ഇനിപ്പറയുന്ന കേസുകളിൽ വ്യക്തികളുടെ ചലനം അനുവദനീയമാണ്:**

i. മെഡിക്കൽ, വെറ്റിനറി കെയർ ഉൾപ്പെടെയുള്ള അടിയന്തിര സേവനങ്ങൾക്കും അവശ്യവസ്തുക്കൾ വാങ്ങുന്നതിനുമുള്ള സ്വകാര്യ വാഹനങ്ങൾ. അത്തരം സാഹചര്യങ്ങളിൽ, സ്വകാര്യ വാഹന ഡ്രൈവറെ കൂടാതെ ഒരു യാത്രക്കാരനെ പിൻസീറ്റിൽ അനുവദിക്കാം, നാലുചക്ര വാഹനങ്ങളുടെ കാര്യത്തിൽ; എന്നിരുന്നാലും, ഇരുചക്ര വാഹനങ്ങളുടെ കാര്യത്തിൽ, വാഹനത്തിന്റെ ഡ്രൈവർ മാത്രമേ അനുവദിക്കൂ.

ii. സംസ്ഥാന / പ്രാദേശിക അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ജോലിസ്ഥലത്തേക്കും തിരികെ ഒഴിവാക്കപ്പെട്ട വിഭാഗങ്ങളിലേക്കും യാത്ര, ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും.

18. **താഴെക്കൊടുത്തിരിക്കുന്നതുപോലെ ഇന്ത്യാ ഗവൺമെന്റിന്റെ ഓഫീസുകൾ, അതിന്റെ സ്വയംഭരണ / സബോർഡിനേറ്റ് ഓഫീസുകൾ തുറന്നിരിക്കും:**

i. പ്രതിരോധം, കേന്ദ്ര സായുധ പോലീസ് സേന, ആരോഗ്യം, കുടുംബക്ഷേമം, ദുരന്തനിവാരണ, നേരത്തെയുള്ള മുന്നറിയിപ്പ് ഏജൻസികൾ (IMD, INCOIS, SASE, നാഷണൽ സെന്റർ ഓഫ് സീസ്മോളജി, CWC), നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ (NIC), ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (FCI), NCC, നെഹ്റു യുവ കേന്ദ്രങ്ങളും കസ്റ്റംസും യാതൊരു നിയന്ത്രണവുമില്ലാതെ പ്രവർത്തിക്കും.

ii. മറ്റ് മന്ത്രാലയങ്ങളും വകുപ്പുകളും അവരുടെ നിയന്ത്രണത്തിലുള്ള ഓഫീസുകളും ഡെപ്യൂട്ടി സെക്രട്ടറിയുടെ 100% ഹാജർനിലയും അതിനു മുകളിലുള്ള തലങ്ങളിലും പ്രവർത്തിക്കേണ്ടതാണ്. ശേഷിക്കുന്ന ഉദ്യോഗസ്ഥരും ജീവനക്കാർക്കും ആവശ്യാനുസരണം 33% വരെ ഹാജരാകണം.

19. **താഴെക്കൊടുത്തിരിക്കുന്നതുപോലെ സംസ്ഥാന കേന്ദ്രഭരണ സർക്കാരുകളുടെയും അവരുടെ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാദേശിക സർക്കാരുകളുടെയും ഓഫീസുകൾ തുറന്നു പ്രവർത്തിപ്പിക്കേണ്ടതാണ്:**

i. പോലീസ്, ഹോം ഗാർഡുകൾ, സിവിൽ ഡിഫൻസ്, ഫയർ ആൻഡ് എമർജൻസി സർവീസസ്, ഡിസാസ്റ്റർ മാനേജ്മെന്റ്, ജയിലുകൾ, മുനിസിപ്പൽ സേവനങ്ങൾ എന്നിവ യാതൊരു നിയന്ത്രണവുമില്ലാതെ പ്രവർത്തിപ്പിക്കേണ്ടതാണ്.

ii. നിയന്ത്രിത ഉദ്യോഗസ്ഥരുമായി പ്രവർത്തിക്കാൻ സംസ്ഥാന / യുടി സർക്കാരുകളുടെ മറ്റെല്ലാ വകുപ്പുകളും. ഗ്രൂപ്പ് 'എ', 'ബി' ഓഫീസർമാർ ആവശ്യാനുസരണം പങ്കെടുക്കാം. 'സി' ഗ്രൂപ്പും അതിന് താഴെയുള്ള നിലകളും സാമൂഹിക അകലം ഉറപ്പാക്കുന്നതിന് ആവശ്യകത അനുസരിച്ച് 33% വരെ ശക്തിയിൽ പങ്കെടുക്കാം. എന്നിരുന്നാലും, പൊതു സേവനങ്ങളുടെ വിതരണം ഉറപ്പാക്കും, അത്തരം ആവശ്യങ്ങൾക്കായി ആവശ്യമായ ഉദ്യോഗസ്ഥരെ വിന്യസിക്കും.

iii. ജില്ലാ ഭരണകൂടവും ട്രഷറിയും (അക്കൗണ്ടന്റ് ജനറലിന്റെ ഫീൽഡ് ഓഫീസുകൾ ഉൾപ്പെടെ) നിയന്ത്രിത ഉദ്യോഗസ്ഥരുമായി പ്രവർത്തിക്കും. എന്നിരുന്നാലും, പൊതു സേവനങ്ങളുടെ വിതരണം ഉറപ്പാക്കുകയും, അത്തരം ആവശ്യങ്ങൾക്കായി ഉദ്യോഗസ്ഥരെ വിന്യസിക്കും.

iv. COVID-19 അനുബന്ധ പ്രവർത്തനങ്ങളും ആന്തരിക അടുക്കള പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്ന പരിധി വരെ മാത്രം ന്യൂഡൽഹിയിലെ റസിഡന്റ് കമ്മീഷണർ ഓഫ് സ്റ്റേറ്റ് / യുടി. ഫോറസ്റ്റ് ഓഫീസുകൾ: മൃഗശാല, നഴ്സറികൾ, വന്യജീവി, വനങ്ങളിൽ അഗ്നിശമന സേന, തോട്ടങ്ങൾ നനയ്ക്കൽ, പട്രോളിംഗ്, അവരുടെ ആവശ്യമായ ഗതാഗത പ്രസ്ഥാനം എന്നിവ പ്രവർത്തിപ്പിക്കാനും പരിപാലിക്കാനും ആവശ്യമായ ഉദ്യോഗസ്ഥർ / തൊഴിലാളികൾ.

**20. നിർബന്ധിത ക്വാറന്റീൻ കഴിയേണ്ട വ്യക്തികൾ:**

i. പ്രാദേശിക ആരോഗ്യ അതോറിറ്റികൾ തീരുമാനിച്ച പ്രകാരം ആരോഗ്യപരിപാലന ഉദ്യോഗസ്ഥർ നിർദ്ദേശിച്ച അത്തരം വ്യക്തികളെല്ലാം ഒരു കാലത്തേക്ക് കർശനമായ ഗാർഹിക സ്ഥാപന നിയന്ത്രണത്തിൽ തുടരാൻ നിർദ്ദേശിച്ചിരിക്കുന്നു.

ii. ക്വാറന്റീൻ ലംഘിക്കുന്ന വ്യക്തികളെ 1860 ലെ ഐപിസി സെക്ഷൻ 188 പ്രകാരം നിയമ നടപടികൾക്ക് ബാധ്യസ്ഥരാക്കും. 15.2.2020 ന് ശേഷം ഇന്ത്യയിലെത്തിയ ക്വാറൻറൈൻ കാലാവധി അവസാനിച്ചതിനുശേഷം കോവിഡ് -19 നെഗറ്റീവ്

പരീക്ഷിച്ചതിന് ശേഷം മോചിപ്പിക്കപ്പെടും. MHA നൽകിയ SOP–ൽ നിർദ്ദേശിച്ചിട്ടുള്ള പ്രോട്ടോക്കോൾ അനുസരിച്ച്.

**21. മുകളിലുള്ള ലോക്ക് ഡൌൺ നടപടികൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:**

i. അനുബന്ധം I–ൽ വ്യക്തമാക്കിയ എല്ലാ ജില്ലാ മജിസ്ട്രേറ്റുകളും ദേശീയ COVID 19 നിർദ്ദേശങ്ങൾ കർശനമായി നടപ്പിലാക്കും. ഈ നിർദ്ദേശങ്ങൾ ലംഘിക്കുന്ന എല്ലാ വ്യക്തികളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും നിർദ്ദേശിച്ച പിഴകൾ ഈടാക്കുകയും ചെയ്യും.

ii. എല്ലാ വ്യാവസായിക, വാണിജ്യ സ്ഥാപനങ്ങൾ, ജോലിസ്ഥലങ്ങൾ, ഓഫീസുകൾ തുടങ്ങിയവയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് അനുബന്ധം II പോലെ SOP നടപ്പിലാക്കുന്നതിനുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തണം.

iii. ഈ നിയന്ത്രണ നടപടികൾ നടപ്പിലാക്കുന്നതിന്, ജില്ലാ മജിസ്ട്രേറ്റ് എക്സിക്യൂട്ടീവ് മജിസ്ട്രേറ്റുകളെ ബന്ധപ്പെട്ട പ്രാദേശിക അധികാരപരിധിയിലെ ഇൻസിഡന്റ് കമാൻഡർമാരായി വിന്യസിക്കും. അതത് അധികാരപരിധിയിൽ ഈ നടപടികൾ മൊത്തത്തിൽ നടപ്പാക്കുന്നതിന് ഇൻസിഡന്റ് കമാൻഡറിന് ഉത്തരവാദിത്തമുണ്ട്. നിർദ്ദിഷ്ട ഏരിയയിലെ മറ്റെല്ലാ ലൈൻ ഡിപ്പാർട്ട്മെന്റ് ഉദ്യോഗസ്ഥരും അത്തരം സംഭവ കമാൻഡറുടെ നിർദേശപ്രകാരം പ്രവർത്തിക്കും. വിശദീകരിച്ചതുപോലെ അവശ്യ സഞ്ചാരങ്ങൾ പ്രാപ്തമാക്കുന്നതിന് ഇൻസിഡന്റ് കമാൻഡർ പാസുകൾ നൽകും.

iv. ആശുപത്രി അടിസ്ഥാന കര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും വിപുലീകരിക്കുന്നതിനുമുള്ള വിഭവങ്ങൾ, തൊഴിലാളികൾ, വസ്തുക്കൾ എന്നിവ സമാഹരിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും ഒരു തടസ്സവുമില്ലാതെ തുടരുമെന്ന് ഇൻസിഡന്റ് കമാൻഡർമാർ പ്രത്യേകിച്ചും ഉറപ്പാക്കും.

v. മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കുന്നതിന് ആവശ്യമായ എല്ലാ ക്രമീകരണങ്ങളും നടത്തിയശേഷം ഈ മാർഗ്ഗനിർദ്ദേശങ്ങളിൽ അനുവദിച്ചിരിക്കുന്ന അധിക പ്രവർത്തനങ്ങൾ ഘട്ടം ഘട്ടമായി നടപ്പിലാക്കും. 2020 ഏപ്രിൽ 20 മുതൽ ഇവ പ്രാബല്യത്തിൽ വരും.

**22. ശിക്ഷാ വ്യവസ്ഥകൾ**

ഈ ലോക്ക്ഡൺ നടപടികൾ ലംഘിക്കുന്ന ഏതൊരു വ്യക്തിക്കും 2005 ലെ ദുരന്തനിവാരണ നിയമത്തിലെ സെക്ഷൻ 51 മുതൽ 60 വരെയുള്ള വകുപ്പുകൾ അനുസരിച്ച് നടപടിയെടുക്കാൻ ബാധ്യതയുണ്ട്. ഐപിസിയുടെ 188 ഉം ബാധകമായ മറ്റ് നിയമ വ്യവസ്ഥകളും. ഈ ശിക്ഷാനടപടികളുടെ എക്സ്ട്രാക്റ്റ് അനുബന്ധം III–ലാണ്

നമ്പർ 40-3/2020 ഡിഎം (എ) തിയതി 15 ഏപ്രിൽ 2020

**അനുബന്ധം - 1**

## കോവിഡ് 19 മാനേജ്മെന്റിനുള്ള ദേശീയ മാർഗ്ഗ നിർദ്ദേശങ്ങൾ

ദേശീയ മാർഗ്ഗ നിർദ്ദേശങ്ങൾ ജില്ലാ മജിസ്ട്രേറ്റുമാർ 2005 ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിൽ പറഞ്ഞിട്ടുള്ള നിയമനടപടികളും ഫൈനുകളും ഉപയുക്തമാക്കി ശക്തമായി നടപ്പിലാക്കേ താണ്.

### പൊതുഇടങ്ങൾ

1. എല്ലാ പൊതുസ്ഥലങ്ങളിലും തൊഴിലിടങ്ങളിലും നിർബന്ധമായും ഫെയ്സ് മാസ്ക്കുകൾ നിർബന്ധമായും ധരിക്കേ താണ്.
2. പൊതുസ്ഥലങ്ങളുടേയും തൊഴിലിടങ്ങളിലേയും യാത്രാവാഹനങ്ങളുടേയും ചുമതലക്കാർ ആരോഗ്യകുടുംബക്ഷേമ മന്ത്രാലയം നൽകിയിട്ടുള്ള മാർഗ്ഗരേഖപ്രകാരമുള്ള സാമൂഹിക അകലം നിർബന്ധമായും ഉറപ്പുവരുത്തേ താണ്.
3. ഒരു സംഘടനയും, പൊതുവേദികളുടെ മാനേജർമാരും ഒരു കാരണവശാലും 5 ലേറെ പേരുടെ കൂട്ടായ്മ അനുവദിക്കാൻ പാടില്ല.
4. വിവാഹചടങ്ങുകൾ, മരണാനന്തരചടങ്ങുകൾ തുടങ്ങിയവയിൽ പങ്കെടുക്കുന്നവരുടെ എണ്ണം ജില്ലാമജിസ്ട്രേറ്റ് ആയിരിക്കും നിയന്ത്രിക്കുന്നത്.
5. പൊതുഇടങ്ങളിൽ തുപ്പുന്നത് ശിക്ഷാർഹവും ഫൈനിനും വിധേയമായിരിക്കും.
6. മദ്യം, ഗുഡ്ക്ക, പുകയില ഉൽപന്നങ്ങൾ എന്നിവയുടെ വിൽപന പൂർണ്ണമായും നിരോധിക്കുന്നതോടൊപ്പം, പരിസരത്ത് തുപ്പുന്നത് നിരോധിക്കയും ചെയ്യുന്നു

### തൊഴിലിടങ്ങൾ

7. എല്ലാ തൊഴിലിടങ്ങളിലും ശരീരോഷ്മാവ് പരിശോധിക്കുന്നതിനുള്ള (തെർമൽ സ്ക്രീനിംഗ്) സംവിധാനങ്ങളും ഹാന്റ് സാനിറ്റൈസർ ലഭ്യതയും ഉറപ്പാക്കേ താണ്.

8. തൊഴിൽശാലകളിൽ ഷിഫ്റ്റിനിടയിൽ ഒരു മണിക്കൂർ ഇടവേളയും ഭക്ഷണസമയം സാമൂഹിക അകലം പാലിക്കാൻ കഴിയും വിധം സൗകര്യപ്രദമായ ബാച്ചുകളായി തിരിച്ച് ക്രമപ്പെടുത്തേ താണ്.

9. 65 ന് മേൽ പ്രായമുള്ളവർ, അനുബന്ധരോഗങ്ങളുള്ളവർ, 5 വയസ്സിൽ താഴെ പ്രായമുള്ളവരുടെ മാതാപിതാക്കൾ എന്നിവരെ വീട്ടിലിരുന്നു പ്രവർത്തിക്കുവാൻ പ്രോത്സാഹിപ്പിക്കേ താണ്.

10. *ആരോഗ്യസേത്* ആപ്പ് ഉപയോഗിക്കുന്നതിന് പൊതുമേഖലയിലേയും, സ്വകാര്യമേഖയിലേയും ജീവനക്കാരെ പ്രേരിപ്പിക്കേ താണ്.

11. എല്ലാ സംഘടനകളും ഷിഫ്റ്റുകൾക്കിടയിൽ പ്രവർത്തനസ്ഥലം അണുവിമുക്തമാക്കേ താണ്.

12. വലിയ യോഗങ്ങൾ നിരോധിക്കേ താണ്.

**ഉൽപാദന കേന്ദ്രങ്ങൾ**

13. പൊതുവായി ഉപയോഗിക്കുന്ന എല്ലാ പ്രതലങ്ങളും ശുചീകരിക്കേ തും, നിശ്ചിത കൈകഴുകലുകളും നിർബന്ധമായി പാലിക്കേ താണ്.

14. ഷിഫ്റ്റുകൾ ക്രമം തെറ്റാതെയും, സാമൂഹ്യ അകലപാലനം ഉ ന്നും, ബാച്ച് ഭക്ഷണക്രമീകരണവും ഉറപ്പാക്കേ താണ്.

15. നല്ല ആരോഗ്യശീലങ്ങൾ സംബന്ധിച്ച ബോധവൽക്കരണം സകലിതമായി (ഭിന്നശേഷിക്കാർക്കുൾപ്പടെ) ഏർപ്പെടുത്തേ താണ്

## അനുബന്ധം 2

**ഓഫീസുകൾ, ഫാക്ടറികൾ തൊഴിലിടങ്ങൾ മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ സാമൂഹ്യ അകലനിലവാരപാലനം ഉറപ്പാക്കുന്നതിന് നിർദ്ദേശിക്കുന്നനടപടക്രമങ്ങൾ**

താഴെ പറയുന്ന നടപടിക്രമങ്ങൾ എല്ലാ ഓഫീസുകളിലും ഫാക്ടറികളിലും, സ്ഥാപനങ്ങളിലും നട പ്പിലാക്കപെടേ   താണ്.

1. സ്ഥാപനത്തിന്റെ കോമ്പൗ   ് താഴെപറയുന്ന എല്ലാ സംവിധാനങ്ങളും ഉൾപ്പടെ സൗഹൃദപര മായ അണുനാശിനി ഉപയോഗിച്ച് അണുവിമുക്തമാക്കേ   താണ്.
   - എ. പ്രവേശനകവാടവും ഓഫീസ് മുറികളും
   - ബി. ഭക്ഷണശാലകളും, കാന്റീനും
   - സി. കെട്ടിടം, ഗെയ്റ്റ്, കോൺഫ്രറൻസ് ഹാൾ, യോഗമുറികൾ, തുറസ്സായ സ്ഥലങ്ങൾ, വരാന്ത, പോർട്ടിക്കോ, ക്യാബിൻ, വാഹനബങ്കറുകൾ തുടങ്ങിയവ
   - ഡി. ലിഫ്റ്റും മറ്റു ഉപകരണങ്ങളും
   - ഇ. വാഷ്റൂം, ടോയലറ്റ്, വാഷ്ബെയ്സിൻ, വാട്ടർ ടാപ്പുകൾ, മറ്റു ജനനിർഗമിനികൾ മുതലായവ
   - എഫ്. ചുമരുകളും, മറ്റെല്ലാ പ്രതലങ്ങളും
2. തൊഴിലാളികൾ പുറത്തുനിന്നാണ് വരുന്നതെങ്കിൽ പൊതുവാഹനസൗകര്യം കാത്തു നിൽക്കാതെ പ്രത്യേക വാഹനസൗകര്യം ഏർപ്പെടുത്തേ   താണ്. ഈ വാഹനങ്ങളുടെ പരമാവധി ഇരിപ്പിടത്തിന്റെ 30-40 % ത്തിലധികം പേരെ കയറ്റുവാൻ പാടുള്ളതല്ല.
3. കോമ്പൗ   ിൽ പ്രവേശിക്കുന്ന എല്ലാ വാഹനങ്ങളും മെഷിനറികളും സ്പ്രെ മെഷീനിൽ അണുനശീകരണം നടത്തേ   താണ്.
4. തൊഴിലിടങ്ങളിൽ പ്രവേശിക്കുന്ന എല്ലാവരേയും നിർബന്ധിത തെർമൽ സ്ക്രീനിംഗിന് വിധേയമാക്കേ   താണ്.

5. എല്ലാ തൊഴിലാളികൾക്കും നിർബന്ധമായും മെഡിക്കൽ ഇൻഷുറൻസ് ഏർപ്പെടുത്തിയിരിക്കേ താണ്.

6. കൈകഴുകൾ ഹാന്റ് സാനിറ്റൈസർ എന്നിവ സ്പർശനവിമുക്തമായ രീതിയിൽ പ്രവേശനകവാടത്തിലും പുറത്തേക്ക് പോകുന്നിടത്തും സജ്ജീകരിക്കണം. ആവശ്യത്തിനുള്ളത്രയും കരുതിയിരിക്കണം

7. സാമൂഹ്യ അകലപാലനം ഉറപ്പുവരുത്താൻ കഴിയുംവിധം ഷിഫ്റ്റുകൾക്കിടയിലും, ഭക്ഷണഇടവേളകളിലും ചെറുഗ്രൂപ്പായി വിടേ താണ്.

8. 10 പേരിൽ കൂടുതൽ വരുന്ന എല്ലാ യോഗങ്ങളും നിരുത്സാഹപ്പെടുത്തണം. തൊഴിൽ രംഗത്തും, പരിശീലനത്തിലും, മീറ്റിംഗുകളിലും ആറ് അടി അകലത്തിൽ ഇരിപ്പിടങ്ങൾ ക്രമീകരിക്കേ താണ്.

9. ഒരേസമയം 2-4 പേരിൽ കൂടുതൽ ലിഫിറ്റിൽ കയറാൻ അനുവദിക്കരുത്

10. കയറുന്നതിന് കഴിയാവുന്നത്ര കോണിപടികൾ ഉപയോഗിക്കാൻ പ്രേരിപ്പിക്കണം.

11. മുറുക്കുന്നതും, ഗുഡ്ക തുടങ്ങിയവ ഉപയോഗിക്കുന്നതും, തുപ്പുന്നതും നിരോധിക്കേ താണ്.

12. അത്യാവശ്യങ്ങൾക്കല്ലാതെ സന്ദർശകർ വരുന്നത് തടയേ താണ്.

13. സമീപ പ്രദേശങ്ങളിൽ കോവിഡ് 19 പരിശോധനക്കും ചികിത്സക്കും ലഭ്യമായ ആശുപത്രികൾ/ക്ലിനിക്കുകൾ എന്നിവ കെ ത്തി പട്ടിക തൊഴിലിടങ്ങളിൽ പ്രദർശിപ്പിക്കേ താണ്.

### അനുബന്ധം 3

**ലോക്ഡൗൺ നിർദ്ദേശങ്ങൾ ലംഘിച്ചാലു ാകുന്ന ശിക്ഷകളും, പിഴകളും**

**എ. 2005 ലെ ഡിസാസ്റ്റർ മാനേജ്മെന്റ് ആക്ടിലെ 51 മുതൽ 60 വരെയുള്ള അനുഛേദങ്ങൾ (സെക്ഷൻസ്)**

**51. തടസ്സപ്പെടുത്തലുകൾക്കുള്ള ശിക്ഷ -** വ്യക്തമായ കാരണങ്ങളില്ലാതെ ആരെങ്കിലും

എ) ഒരു കേന്ദ്ര സർക്കാർഓഫീസറേയോ ഉദ്യോഗസ്ഥനേയോ ഈ നിയമനടത്തിപ്പിന് ബാധ്യസ്ഥരായ ദേശീയ അതോരിറ്റി, സംസ്ഥാന അതോരിറ്റി, ജില്ലാ ദുരന്ത നിവാരണ അതോരിറ്റി എന്നിവർ അല്ലെങ്കിൽ ചുമതല നിർവ്വഹണത്തിനായി നിയോഗപ്പെടുത്തിയിട്ടുള്ള വ്യക്തിയേയോ

അല്ലെങ്കിൽ

ബി) കേന്ദ്ര, സംസ്ഥാന സർക്കാരുകൾ അല്ലെങ്കിൽ നേഷണൽ എക്സിക്യൂട്ടീവ് കമ്മിറ്റി അല്ലെങ്കിൽ ജില്ല അതോരിറ്റി ഈ ആക്ടിന് കീഴിൽ നൽകുന്ന നിർദ്ദേശങ്ങൾ പാലിക്കാതിരക്കുകയോ ചെയ്താൽ ശിക്ഷ വിധിക്കപ്പെടുമ്പോൾ ഒരു വർഷം വരെയുള്ള തടവിനോ പിഴക്കോ ര ും ചേർത്തോ ശിക്ഷിക്കപ്പെടാവുന്നതും ഏതെങ്കിലും കാരണവശാൽ നിയമനിഷേധം ജീവനാംശത്തിനോ, അത് സംഭവിക്കാൻ സാധ്യതയുള്ള വിധത്തിലോ കലാശിക്കുന്നുവെങ്കിൽ ര ് വർഷം വരെ തടവിന് ശിക്ഷിക്കപ്പെടാവുന്നതാണ്.

**52. തെറ്റായ ക്ലെയ്മിനുള്ള ശിക്ഷ -** ആരാണോ അറിഞ്ഞുകൊ ് ബോധപൂർവ്വം അവസ്ഥാപരമായ അവകാശവാദം ഉന്നയിച്ച്, കേന്ദ്ര, സംസ്ഥാന സർക്കാരിൽ നിന്നോ, നാഷ്ണൽ, സ്റ്റേറ്റ് അല്ലെങ്കിൽ ജില്ല അതോരിറ്റിയിൽ നിന്നും ദുരിതാശ്വാസ സഹായങ്ങൾ, അറ്റകുറ്റപണി, പുനർനിർമ്മാണം തുടങ്ങിയ ദുരന്ത നിവാരണ സഹായങ്ങൾ കൈപറ്റുന്നത്, അവർക്ക് ര ് വർഷം വരെ തടവിനും, പിഴക്കും ശിക്ഷ ലഭിക്കുന്നതായിരിക്കും.

**53. പണം, വസ്തുക്കൾ തുടങ്ങിയ ദുർവിനിയോഗം ചെയ്യുന്നതിനുള്ള ശിക്ഷ -** ആരാണോ തന്നിൽ നിക്ഷിപ്തമാക്കപ്പെട്ടതും, ദുരിതാശ്വാസത്തിനായി ദുരന്ത കാലഘട്ടങ്ങളിൽ

ഏൽപ്പിക്കപ്പെട്ട ദുരന്തനിവാരണ വസ്തുക്കൾ, സംഭാവനയായി ലഭിച്ച പണം, വസ്തുക്കൾ തുടങ്ങിയവ തനിക്ക് വേ  ിയോ, മറ്റൊരാൾക്ക് അനർഹമായി നൽകുകയോ, ദുർവിനിയോഗം ചെയ്യുകയോ, ബോധപൂർവ്വം മറ്റൊരാളോട് അപ്രകാരം ചെയ്യാൻ ചെയ്യാൻ നിർബന്ധിക്കുകയോ ചെയ്താൽ ര  ് വർഷം വരെ തടവിനും, തടവോടുകൂടിയ പിഴക്കും ശിക്ഷ ലഭിക്കും.

**54. തെറ്റായ മുന്നറിയിപ്പുകൾക്കുള്ള ശിക്ഷ -** ആരാണോ തെറ്റായ ദുരന്ത മുന്നറിയിപ്പുകൾ അല്ലെങ്കിൽ ജനങ്ങളെ ഭയാശങ്കകളിലേക്ക് നയിക്കുന്ന, വലിയ ദുരന്തമു  ാകാൻ പോകുന്നു എന്ന തെറ്റായ വാർത്ത പ്രചരിപ്പിച്ച് ഭയചികിതരാക്കുന്നത് അവർ ഒരു വർഷം വരെ തടവിനും, തടവോടുകൂടിയ പിഴക്കും ശിക്ഷ ലഭിക്കും.

**55. സർക്കാർ വകുപ്പുകൾ ചെയ്യുന്ന കുറ്റങ്ങൾ -**

(1) ഈ നിയമത്തിന്റെ പരിധിയിൽ വരുന്ന ഏതെങ്കിലും ഒരു കുറ്റം ഏതെങ്കിലും വകുപ്പിന്റെ ഭാഗത്തുനിന്നും ഉ  ായാൽ ആ കുറ്റത്തിന് വകുപ്പ്തലവനെതിരെ ശിക്ഷണനടപടികൾക്കായി വിചാരണ ചെയ്യപ്പെടുന്നതും ശിക്ഷിക്കപ്പെടുന്നതും അല്ലാത്തപക്ഷം ഈ കുറ്റം ചെയ്യപ്പെടാതിരിക്കാൻ ആവശ്യമായ നടപടികൾ താൻ സ്വീകരിച്ചിരുന്നതായും തെളിയിക്കപ്പെടേ  താണ്. മേൽ പറഞ്ഞതല്ലാത്ത വിധം വകുപ്പിൽ നിന്നും ഒരു കുറ്റകൃത്യം നടന്നു എന്ന് അതിൽ ഒരു ഉദ്യോഗസ്ഥന് പങ്കോ, പ്രേരണയോ ഉ  ന്നു തെളിയിക്കപ്പെടുകയോ ചെയ്താൽ വകുപ്പ്തലവനല്ലാത്ത ഉദ്യോഗസ്ഥൻ കുറ്റക്കാരനാണെന്ന് ക  ് ശിക്ഷാനടപടികൾക്ക് വിധേയനാകുന്നതാണ്.

**56. ബാധ്യസ്ഥനായ ഉദ്യോഗസ്ഥന്റെ ചുമതലയിലെ വീഴ്ച്ചകൾ അല്ലെങ്കിൽ നിയമനിഷേധത്തിലുള്ള ഗൂഢമായ പങ്ക് -** ഈ നിയമമനുസരിച്ച് ചുമതല നിർവ്വഹിക്കുന്നതിന് ഉത്തരവാദികളായ ഏതെങ്കിലും ഉദ്യോഗസ്ഥൻ മേലുദ്യോഗസ്ഥനിൽ നിന്നും ഔദ്യോഗികമായി അനുമതി കൂടാതെ ചുമതലകൾ നിർവ്വഹിക്കുന്നത് നിരസ്സിക്കുകയോ, സ്വയം ചുമതലകളിൽ നിന്നും മാറിനിൽക്കുകയോ ചെയ്തതായി തെളിഞ്ഞാൽ ഒരു വർഷം വരെ തടവിനും, അല്ലെങ്കിൽ പിഴക്കും ശിക്ഷിക്കപ്പെടുന്നതാണ്. എന്നാൽ ഈ പറഞ്ഞ കുറ്റം ടിയാന്റെ അറിവില്ലാതെയാണെന്നും, ഈ കുറ്റം സംഭവിക്കാതിരിക്കുന്നതിന് ഇദ്ദേഹം ആവശ്യമായ നടപടികൾ സ്വീകരിച്ചി

രുന്നു എന്നോ തെളിയിച്ചാലും നിയമലംഘനം കമ്പനി നടത്തിയിട്ടുണ്ടെന്ന് തെളിയിക്കപ്പെട്ടാൽ അതിന് കൂട്ടുനിന്നതോ അനുമതി നൽകിയതോ ആയ വീഴ്ച്ചക്ക് കാരണക്കാരായ ഏതെങ്കിലും ഡയറക്ടർ, മാനേജർ, സെക്രട്ടറി അല്ലെങ്കിൽ മറ്റു ഉദ്യോഗസ്ഥർ എന്നിവരിൽ കുറ്റം ചാർത്തപ്പെട്ടയാൾ കുറ്റക്കാരനെന്ന് കണ്ട് അതനുസരിച്ച് വിചാരണ നടപടികൾ നടത്തപ്പെടുകയും അതിൻ പ്രകാരം ശിക്ഷിക്കപ്പെടുകയും ചെയ്യും.

**വിശദീകരണം** - ഈ സെഷന്റെ കാര്യത്തിലേക്കായി കമ്പനി എന്നാൽ ഏതെങ്കിലും കോർപ്പറേറ്റ് ബോഡി, വ്യക്തികളുടെ സംഘടന, സ്ഥാപനം എന്നും (ബി) ഡയറക്ടർ എന്നാൽ ചുമതലപ്പെട്ട പാർട്ടണർ എന്നുമാകുന്നു

**57. ഉത്തരവുകൾ ലംഘിക്കുന്നതിനുള്ള ശിക്ഷ -** ഏതെങ്കിലും വ്യക്തി സെക്ഷൻ 65 പ്രകാരം നൽകുന്ന ഉത്തരവ് ലഘിക്കുന്ന പക്ഷം ഫൈനോടുകൂടിയോ അല്ലാതെയോ ഒരു വർഷം വരെ തടവിന് ശിക്ഷിക്കപ്പെടാവുന്നതാണ്.

**58. കമ്പനികൾ ചെയ്യുന്ന കുറ്റം -** ഏതെങ്കിലും ഒരു കമ്പിനിയോ, കോർപ്പറേറ്റ് ബോഡിയോ, ഈ ആക്ട് ലംഘിച്ച് കുറ്റങ്ങൾ ചെയ്താൽ, കുറ്റനിർവ്വഹണ കാലഘട്ടത്തിൽ ആരെല്ലാമായിരുന്നോ ചുമതലക്കാർ, അല്ലെങ്കിൽ ചുമതലക്കാരനായിരുന്ന കമ്പനി ബിസിനസ്സിന് ചുമതലപ്പെടുത്തപ്പെട്ടിരുന്ന വ്യക്തി നിയമലംഘനത്തിന് വിചാരണ ചെയ്യപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യപ്പെടും.

**59. പ്രോസിക്യൂഷനുമായുള്ള മുൻകൂർ അനുമതി -** സെക്ഷൻ 55 ലും 56 ലും പറയുന്ന കുറ്റ വിചാരണ എന്തുതന്നെ പറഞ്ഞിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റേയോ, സംസ്ഥാനസർക്കാരിന്റേയോ ഈകാര്യത്തിനായി ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റേയോ, സർക്കാരിന്റേയോ പ്രത്യേകമായുള്ള ഉത്തരവ് കൂടാതെ വിചാരണ ചെയ്യുവാൻ പാടുള്ളതല്ല.

**60. കുറ്റവിചാരണക്കെടുക്കൽ -** യാതൊരു നീതിന്യായ കോടതികളും ഈ ആക്ടിന് കീഴിൽ നിയമനിഷേധത്തിനുള്ള പരാതികൾ താഴെ പറയും വിധമല്ലാതെ എടുക്കുവാൻ നിർദ്ദേശിച്ചിട്ടില്ല.

(പരാതി സമർപ്പിക്കുന്നതിനുള്ള ക്രമം)

എ) നേഷണൽ അതോരിറ്റി, സ്റ്റേറ്റ് അതോറിറ്റി, ഡിസ്ട്രിക്ക് അതോറിറ്റി, കേന്ദ്ര-സംസ്ഥാന സർക്കാർ അല്ലെങ്കിൽ അതോറിറ്റിയോ, സർക്കാരോ ഈ കാര്യത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ബി) അല്ലെങ്കിൽ നാഷണൽ സ്റ്റേറ്റ് അതോറിറ്റി, കേന്ദ്ര-സംസ്ഥാന സർക്കാർ, ജില്ലാ അതോറിറ്റി എന്നിവയിലേതെങ്കിലും ഒന്നിന് അഥവ ചുമതലപ്പെടുത്തപ്പെട്ടിട്ടുള്ള ഓഫീസർക്ക് 30 ദിവസത്തെ നോട്ടീസ് നൽകിയ പരാതി

**ബി. സെക്ഷൻ 188 ഇന്ത്യൻ പീനൽകോഡ്, 1860**

**സെക്ഷൻ - 188. -** പബ്ലിക്ക് സെർവന്റ് നിയമാനുസൃതം പ്രഖ്യാപിച്ച ഉത്തരവുകളുടെ ലംഘനം, എല്ലാവരുടേയും ശ്രദ്ധക്കായി, നിയമാനുസൃത ചുമതല അർപ്പിക്കപ്പെട്ട ഉദ്യോഗസ്ഥൻ പുറപ്പെടുവിക്കുന്ന ഉത്തരവിൻ പ്രകാരം, ഏതെങ്കിലും പ്രവർത്തി ചെയ്യരുതെന്നോ, ടിയാളുടെ കൈവശമുള്ള വസ്തുക്കൾ ഉപയുക്തമാക്കി നിയമലംഘനം നടത്തുകയോ, പ്രസ്തുത നിയമലംഘനം, അപകടങ്ങൾക്കും, തടസ്സങ്ങൾക്കും അസ്വസ്ഥതകൾക്കും കാരണമാകുകയും അത്തരം കാര്യങ്ങൾക്ക് കാരണമായി ഭവിക്കാവുന്നതാകുകയോ ചെയ്യപ്പെട്ടാലോ അയാൾ ചുമതലപ്പെടുത്തപ്പെട്ട തൊഴിലാളി ചെയ്താലോ ഈ കുറ്റങ്ങൾക്ക് 200 രൂപ പിഴയോ, പിഴയോടുകൂടിയോ ഇല്ലാതെയോ ഒരു മാസം തടവോ ശിക്ഷിക്കാം. എന്നാൽ നിയമലംഘനം വഴി ജീവഹാനി, ആരോഗ്യക്ഷതം എന്നിവക്കും കാരണമായാൽ 6 മാസം വരെ തടവോ, 1000 രൂപ പിഴയോ, ര ും ഒരുമിച്ചോ ശിക്ഷിക്കപ്പെടാം.

*വിശദീകരണം* - ഉപദ്രവം ചെയ്യണമെന്ന് നിയമലംഘകന് ഉദ്ദേശം ഉ ായിരിക്കണമെന്നില്ലെങ്കിലും തന്റെ നിയമലംഘനം ഉപദ്രവമായി തീരുമെന്ന് അറിയില്ലായിരുന്നവെങ്കിലും നിയമനിഷേധം നടത്തിയിട്ടു െ ന്നതുമാത്രം മതിയായ കാരണമായി കണക്കാക്കും.